പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.904 — 30.10.2019 ന് മറുപടിയ്ക്ക്.

**ഇക്കോ കോംപ്ലക്സുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. ഗീതാ ഗോപി | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വനമേഖലയ്ക്ക് പുറത്തും വനാതിർത്തി പ്രദേശങ്ങളിലും ഇക്കോ കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ; | (എ) | വനം വകുപ്പിന്റെ ദക്ഷിണമേഖല സർക്കിളിന്റെ പരിധിയിൽ കൊല്ലം ജില്ലയിൽ അഞ്ചൽ റെയിഞ്ചിന്റെ റിസർവ്വ് ഫോറസ്റ്റിന് പുറത്തായി ആയൂർ, ഏരൂർ എന്നീ സ്ഥലങ്ങളിൽ ഇക്കോ കോംപ്ലക്സുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. |
| (ബി) | ഇക്കോ കോംപ്ലക്സുകൾ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കൊല്ലം ജില്ലയിൽ സതേൺ സർക്കിളിലെ അഞ്ചൽ റെയിഞ്ചിന്റെ റിസർവ്വ് ഫോറസ്റ്റിന് പുറത്തായി ആയൂർ ഏരൂർ എന്നീ സ്ഥലങ്ങളിലാണ് ഇക്കോ കോംപ്ലക്സുകൾ നിർമ്മിക്കുന്നത്. |
| (സി) | ഇക്കോ കോംപ്ലക്സുകൾ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നും അവ മൂലം സമൂഹത്തിനുണ്ടാകുന്ന ഗുണ ഫലങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (സി) | കിഴക്കൻ മേഖലയിൽ ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും അതു വഴി ടി പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ ക്ഷേമവും വികസനവും മറ്റും ലക്ഷ്യമാക്കിയാണ് ഇക്കോ കോംപ്ലക്സുകൾ നിർമ്മിക്കുന്നത്. |

സെക്ഷൻ ഓഫീസർ